KSFE

**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**

**(ഒരു കേരള സർക്കാർ സ്ഥാപനം)**

ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, **www.ksfe.com**


സൂചന നമ്പർ: 1100/റിക്കവറി 	തീയതി: 21.12.2023

## <u>സർക്കുലർ നമ്പർ: 56/2023(റിക്കവറി)</u>

വിഷയം: കുടിശ്ശികയുള്ള ചിട്ടി/വായ്പാ അക്കൗണ്ടുകളിന്മേൽ റവന്യൂ റിക്കവറി നടപടി ക്രമങ്ങൾ സ്വീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന : 1) 15.01.2022 തീയതിയിലെ 8/2022(റിക്കവറി) നമ്പർ സർക്കുലർ.
2) 02.11.2022 തീയതിയിലെ 78/2022(റിക്കവറി) നമ്പർ സർക്കുലർ
3) 08.12.2023 തീയതിയിലെ റവന്യൂ റിക്കവറി ഓഫീസിൽ നിന്നും അയച്ച കത്ത്.

********

Receivables Management System (RMS) നടപ്പാക്കിയതിനുശേഷം കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായിട്ടുണ്ട്. Non-RR അക്കൗണ്ടുകളുടേതുപോലെ തന്നെ, റവന്യൂ റിക്കവറി നടപടി ക്രമങ്ങളും ത്വരിതപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ ഇതുവരെ തീർപ്പാക്കാത്ത ചിട്ടി/വായ്പാ അക്കൗണ്ടുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി **21.12.2023** മുതൽ **31.01.2024** വരെ CAMRA Software, RR Online Software എന്നിവ സജ്ജമാക്കിയിട്ടുള്ള കാര്യം അറിയിക്കുന്നു.

താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട അടിയന്തിര പ്രാധാന്യമുള്ള അക്കൗണ്ടുകൾ മാത്രമാണ് റവന്യൂ റിക്കവറിയിലേയ്ക്ക് ഇപ്പോൾ മാറ്റേണ്ടതായിട്ടുള്ളത്. മേഖലാ അസിസ്റ്റന്റ് ജനറൽ മാനേജരുടെ അനുമതി വാങ്ങിയതിനു ശേഷം CAMRA, RR ONLINE എന്നീ ക്രമത്തിലാണ് ആർ.ആർ. നടപടികൾ സ്വീകരിക്കേണ്ടത്. ആർ.ആർ. ആക്കിയതിനുശേഷം അതിന്റെ ഹാർഡ് കോപ്പികൾ സഹിതം രണ്ടാഴ്ച കൂടുമ്പോൾ ശാഖകൾ ബന്ധപ്പെട്ട മേഖലാ കാര്യാലയങ്ങളിലേക്ക് എത്തിക്കേണ്ടതും, തുടർന്ന് മേഖലാ കാര്യാലയങ്ങളിൽ നിന്നും അവ കാലതാമസംകൂടാതെ ഹെഡ് ഓഫീസ് റിക്കവറി വിഭാഗത്തിലെത്തിച്ച് പ്രത്യേകം രശീതി വാങ്ങിക്കേണ്ടതുമാണ്. മേഖലാ കാര്യാലയം അതീവ ശ്രദ്ധയോടെ ശാഖകളിൽ നിന്നുള്ള ഫയലുകളുടെ കണക്കുകൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

**<u>റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ട ഫയലുകൾ (30.11.2023 ആധാരമാക്കി)</u>**

1. ചിട്ടി/വായ്പാ അക്കൗണ്ടുകളിൽ 24 തവണയോ അതിൽ കൂടുതലോ കുടിശ്ശിക വരുത്തിയ അക്കൗണ്ടുകൾ.

2. 50,000/- രൂപയോ അതിനുമുകളിലോ മാസതവണയുള്ള ചിട്ടികൾ, 25,000/- രൂപയോ അതിനു മുകളിലോ തവണസംഖ്യയുള്ള വായ്പകൾ എന്നിവയിൽ 18 തവണയോ അതിനുമുകളിലോ കുടിശ്ശിക വരുത്തിയ അക്കൗണ്ടുകൾ.

3. കാലാവധി തീർന്ന് ഒരു വർഷം കഴിഞ്ഞ ചിട്ടി/വായ്പാ അക്കൗണ്ടുകൾ.

4. വരിക്കാർ/വായ്പക്കാർ/ജാമ്യക്കാർ എന്നിവർ മരണപ്പെട്ട/വിരമിച്ച കുടിശ്ശികയുള്ള അക്കൗണ്ടുകൾ, അതുപോലെ ഈ സാമ്പത്തിക വർഷം വിരമിക്കുന്നവരുമായി ബന്ധപ്പെട്ട കുടിശ്ശികയുള്ള അക്കൗണ്ടുകൾ.

5. ജാമ്യവസ്തുക്കളിൽ എന്തെങ്കിലും അപാകതയോ, ജാമ്യവസ്തു വില്പനനടത്തപ്പെടുകയോ,അതുമല്ലെങ്കിൽ കോടതി നടപടികൾ/മറ്റു അറ്റാച്ച്മെന്റുകൾ ഉള്ളവയോ ആയ അക്കൗണ്ടുകൾ.

ഒറ്റ വസ്തു ജാമ്യത്തിൽ ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ഉണ്ടാവുകയും, അതിൽ പകുതിയിലധികം അക്കൗണ്ടുകൾ മേൽപ്പറഞ്ഞ 1 മുതൽ 3 വരെയുള്ള വിഭാഗത്തിൽപെടുകയും ചെയ്താൽ മുഴുവൻ അക്കൗണ്ടുകളിലും ആർ ആർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത്തരം ഒറ്റ അക്കൗണ്ടുകളിലും ഇപ്പോൾ ആർ ആർ നടപടികൾ സ്വീകരിക്കേണ്ടതില്ല. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ പിന്നീട് അറിയിക്കുന്നതാണ്.

മുൻവർഷങ്ങളിൽ CAMRA, RR Online എന്നിവയിൽ Entry നടത്തുമ്പോൾ നിരവധി തെറ്റുകൾ ശാഖകൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തന്മൂലം ഹെഡ് ഓഫീസിൽ നിന്നും എസ് ഡി ടി ഓഫീസുകളിലേയ്ക്ക് ഫയൽ അയയ്ക്കുന്നതിൽ കാലതാമസം നേരിടാറുണ്ട്. ആയതിനാൽ ആർ ആർ ഓൺലൈനിൽ എൻട്രി നടത്തുന്ന മുഴുവൻ ജീവനക്കാരും വളരെ കൃത്യതയും സൂക്ഷ്മതയും പുലർത്തേണ്ടതാണ്. ഇക്കാര്യങ്ങൾ ശാഖാമാനേജർമാർ പ്രത്യേകം ഉറപ്പുവരുത്തേണ്ടതുമാണ്.

റവന്യൂ റിക്കവറി നടപടികളുമായി ബന്ധപ്പെട്ട് ശാഖകൾ പാലിക്കേണ്ട മറ്റു നിർദ്ദേശങ്ങൾക്കായി ഇതോടൊപ്പമുള്ള "അനുബന്ധം " കാണുക. വേണ്ട ജാഗ്രത പുലർത്തി നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

**കെ എസ് എഫ് ഇ യ്ക്കു വേണ്ടി,**

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

<u>പകർപ്പ്:</u>

1)എല്ലാ മേഖലാ തലവന്മാർക്കും
2)എല്ലാ എസ് ഡി ടി ഓഫീസുകൾക്കും.
3)എല്ലാ ശാഖകൾക്കും
4)എല്ലാ ഓഡിറ്റ് ടീമുകൾക്കും,
5)ഹെഡ് ഓഫീസിലെ എല്ലാ വിഭാഗങ്ങളിലേയും തലവന്മാർക്കും
6)ലെയ്സൺ ഓഫീസർ, തിരുവനന്തപുരം, എറണാകുളം
7)ബഹു.ചെയർമാന്റെ പി.എ.
8)എം ഡി യുടെ പി.എ